**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4468** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഹൈഡ്രോ ഇലക്ട്രിക് ടൂറിസം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കാൻ ശ്രമിച്ച ഹൈഡ്രോ ഇലക്ട്രിക് ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; | (എ) | മുൻ സർക്കാരിന്റെ കാലത്ത് ഇടുക്കി ആർച്ച് ഡാം, നാടുകാണി പ്രദേശത്ത് വിപുലമായ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്തു എങ്കിലും വലിയ പദ്ധതികൾ ആയതിനാൽ കെ.എസ്.ഇ.ബി.എൽ. നേരിട്ടാണ് തുടർ നടപടികൾ സ്വീകരിച്ചു വരുന്നത്. |
| (ബി) | പ്രസ്തുത സ്കീമിന് നാളിതുവരെ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കാമോ; | (ബി) | ഇടുക്കി ആർച്ച് ഡാം ലേസർ ഷോ – വൈശാലി അണ്ടർ വാട്ടർ അക്വേറിയം പ്രോജക്ടിനും നാടുകാണി സ്കൈ വാക്ക് പ്രോജക്ടിനുമായി കൺസൾട്ടൻസി ഫീസായി ഏകദേശം 43 ലക്ഷത്തോളം രൂപയും ഡ്രോൺ ഷൂട്ടിങ്ങിനും മറ്റിനങ്ങൾക്കുമായി ഏകദേശം 5.50 ലക്ഷം രൂപയും ഹൈഡൽ ടൂറിസത്തിന് ചെലവായിട്ടുണ്ട്. |
| (സി) | ഇടുക്കി ജില്ലയിൽ പ്രസ്തുത പദ്ധതിക്ക് സ്ഥലം ഏറ്റെടുത്തത് സംബന്ധിച്ച് എന്തെങ്കിലും കേസുകൾ കോടതിയിലുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) | ഇല്ല |
| (ഡി) | പ്രസ്തുത പദ്ധതിയുടെ ചെയർമാൻ, ബോർഡ് മെമ്പർമാർ എന്നിവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ഡി) | പദ്ധതിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾക്കുള്ള DBFOT (Design Built Finance Own Transfer) രീതിയിൽ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. SPV (Special Purpose Vehicle) രൂപീകരിക്കുന്നതിനുള്ള നടപടികൾ, ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ നടപ്പിൽ വരികയുള്ളൂ. ഇതിനാൽ SPV യുടെ ചെയർമാനും, ബോർഡ് മെമ്പർമാരും നിലവിൽ വന്നിട്ടില്ല. |
| (ഇ) | ചെയർമാനും ബോർഡ് മെമ്പർമാരും ചേർന്ന് ഇതുവരെ എത്ര യോഗം കൂടിയിട്ടുണ്ടെന്ന് | (ഇ) | പദ്ധതിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾക്കുള്ള DBFOT (Design Built Finance Own Transfer) രീതിയിൽ നടപ്പിലാക്കുവാനുള്ള നടപടികൾ |

| | | | |
|---|---|---|---|
| | അറിയിക്കാമോ; ആയതിന്റെ മിനിട്ട്സിന്റെ പകർപ്പ് ലഭ്യമാക്കാമോ; | | സ്വീകരിച്ചു വരുന്നു. SPV (Special Purpose Vehicle) രൂപീകരിക്കുന്നതിനുള്ള നടപടികൾ, ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ നടപ്പിൽ വരികയുള്ളൂ. ഇതിനാൽ SPV യുടെ ചെയർമാനും, ബോർഡ് മെമ്പർമാരും നിലവിൽ വന്നിട്ടില്ല. |
| (എഫ്) | പ്രസ്തുത മെമ്പർമാർ ശമ്പളം, യാത്രാപ്പടി എന്നീ ഇനങ്ങളിൽ എത്ര തുക നാളിതുവരെ വാങ്ങിയെന്ന കണക്കുകൾ ലഭ്യമാക്കാമോ? | (എഫ്) | പദ്ധതിയുമായി ബന്ധപ്പെട്ട് തുടർ നടപടികൾക്കുള്ള DBFOT (Design Built Finance Own Transfer) രീതിയിൽ നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. SPV (Special Purpose Vehicle) രൂപീകരിക്കുന്നതിനുള്ള നടപടികൾ, ടെൻഡർ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമെ നടപ്പിൽ വരികയുള്ളൂ. ഇതിനാൽ SPV യുടെ ചെയർമാനും, ബോർഡ് മെമ്പർമാരും നിലവിൽ വന്നിട്ടില്ല. |

സെക്ഷൻ ഓഫീസർ